**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4233** 25.06.2014-ൽ മറുപടിയ്ക്ക്

## ഉദ്യോഗസ്ഥയ്ക്കെതിരെയുള്ള പരാതിയിൽ സ്വീകരിച്ച നടപടി

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | 1996-ലെ കേരള പട്ടികജാതി പട്ടികവർഗ്ഗ സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമീകരണ നിയമം അനുസരിച്ച് രൂപീകൃതമായ സ്കൂട്ടിനി കമ്മിറ്റിയുടെ അദ്ധ്യക്ഷ സുമന.എൻ.മേനോനെതിരെ ജാതി സംബന്ധമായ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) | രണ്ട് പരാതികൾ കിർത്താഡ്സിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ഒരു പരാതിയിലെ പരാതിക്കാരി പ്രസ്തുത പരാതി പിൻവലിച്ചതായും, രണ്ടാമത്തെ പരാതിക്കാരനെ കണ്ടെത്താനായില്ലെന്നും കിർത്താഡ്സിൽ നിന്നും അറിവായിട്ടുണ്ട്. ബന്ധപ്പെട്ട നിയമത്തിലെ (Act 11/1996)-ലെ വകുപ്പ് 9(1)(i) അനുസരിച്ച് എക്സ്പെർട്ട് ഏജൻസിക്ക് വിഷയത്തിന്മേൽ സ്വമേധയാ (suo-motu) അന്വേഷണം നടത്താൻ അധികാരമുണ്ടെങ്കിലും, സ്കൂട്ടിനി കമ്മിറ്റിയിലെ ഔദ്യോഗിക അംഗങ്ങൾക്കെതിരെ അന്വേഷണം നടത്തുവാനാവശ്യമായ വകുപ്പുകൾ ബന്ധപ്പെട്ട നിയമത്തിലോ ചട്ടത്തിലോ ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ സ്പഷ്ടീകരണം നൽകുവാൻ എക്സ്പെർട്ട് ഏജൻസി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | സമുദായ സാക്ഷ്യപത്രങ്ങൾ സംബന്ധിച്ചുള്ള പരാതികൾക്ക് അന്തിമമായി തീർപ്പുകൽപ്പിക്കുന്ന സംസ്ഥാനത്തെ സമിതിയുടെ അദ്ധ്യക്ഷയായ സുമന.എൻ.മേനോനെതിരെ പരാതി ഉണ്ടെങ്കിൽ അവരെ തൽസ്ഥാനത്തുനിന്നും മാറ്റി നിർത്തിക്കൊണ്ട് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ